# കൊള്ളയും കൊള്ളരുതായ്മയും

30-1-2016ന് കാലിക്കറ്റ് സർവ്വകലാശാലാ പ്രസിദ്ധീകരിച്ച അസിസ്റ്റന്റ് റാങ്ക്ലിസ്റ്റുമായി ബന്ധപ്പെട്ട് വൻ വിവാദങ്ങളുയർന്നുവന്നിരിക്കുന്നു. ഇതിനായുള്ള നീക്കങ്ങളാരംഭിച്ചപ്പോൾത്തന്നെ ഞങ്ങൾ വൈസ്ചാൻസലറെ കാണുകയും മുൻ വിസിയുടെ ഇത് സംബന്ധമായ നിരീക്ഷണങ്ങൾ വസ്തുനിഷ്ഠമായി പഠിക്കാതെ എടുത്ത്ചാടരുതെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. മുൻ വിസിയുടെ വിയോജിപ്പ് എഴുത്ത്പരീക്ഷയിൽ ഉയർന്ന മാർക്ക് ലഭിച്ചവർക്ക് ഇന്റർവ്യൂവിൽ കുറഞ്ഞ മാർക്ക് നൽകുകയും പരീക്ഷയ്ക്ക് താരതമ്യേന താഴ്ന്ന മാർക്ക് ലഭിച്ചവർക്ക് ഇന്റർവ്യൂവിൽ ഉയർന്ന മാർക്ക് നൽകുകയും ചെയ്തുവെന്നതായിരുന്നു. അദ്ദേഹം ഇത് ഫയലിൽ രേഖപ്പെടുത്തുകയും മാധ്യമങ്ങളിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിരുന്നു. ഈ വിഷയം കോടതിയിലെത്തിയപ്പോൾ ഇതേക്കുറിച്ച് പഠിച്ചതിനുശേഷം തുടർനടപടികൾ സ്വീകരിക്കാമെന്ന് കോടതി നിർദ്ദേശിക്കുകയും ചെയ്തു. "It is only proper that the syndicate look into the files and decide on the further cource of action to be taken". ഇത് കോടതിയുടെ ഒറ്റനോട്ടത്തിലുള്ള നിരീക്ഷണമാണെന്നും ഇത് സിൻഡിക്കേറ്റിന്റെ തീരുമാനത്തെ യാതൊരു തരത്തിലും നിയന്ത്രിക്കാനുള്ളതല്ലെന്നുംകൂടി കോടതി വ്യക്തമാക്കിയിരുന്നു. It is made clear that the observations made herein are only in the nature of primafacie observations and it shall not regulate or govern the decision of the syndicate".

കോടതിവിധിയുടെ പശ്ചാത്തലത്തിൽ ഡോ: ആബിദ ഫറൂഖി, അഡ്വ: രാജീവൻ മല്ലിശ്ശേരി, പ്രൊഫ: കെ. വിദ്യാസാഗർ എന്നിവരടങ്ങുന്ന ഉപസമിതി ഇതുസംബന്ധമായ ഫയലുകൾ പഠിച്ച് റിപ്പോർട്ട് സമർപ്പിച്ചു. 7 പേജുകളുള്ള ഈ റിപ്പോർട്ട് കുരുടൻ ആനയെക്കണ്ട പരുവത്തിലുള്ളതാണ്. മുൻ വിസിയുടെ വിയോജിപ്പ് ഏത് വിഷയത്തിലാണോ അത് മാത്രം അവർ കണ്ടില്ല. ക്രമക്കേടിനെക്കുറിച്ച് ധാരണയുണ്ടായിരുന്നെങ്കിൽ ആ നിമിഷം അദ്ദേഹം ഇന്റർവ്യൂ നിർത്തിവെയ്ക്കേണ്ടതായിരുന്നില്ലേ എന്നിങ്ങനെയുള്ള വിതണ്ഡ വാദങ്ങളാൽ സമ്പന്നമാണ് റിപ്പോർട്ട്. ഇന്റർവ്യൂവിന്റെ മാർക്കും എഴുത്ത്പരീക്ഷയുടെ മാർക്കും തമ്മിൽ പരസ്പരബന്ധമില്ലെന്ന ലോകോത്തര കണ്ടുപിടിത്തവും റിപ്പോർട്ടിലുണ്ട്. മുൻ വൈസ്ചാൻസലർ 7 ദിവസം മാത്രമേ ഇന്റർവ്യൂബോർഡിൽ ഹാജരായിട്ടുള്ളൂവെന്നും ബാക്കി 32 ദിവസം ഹാജരായ പി.വി.സി.യ്ക്ക് ഇങ്ങനെയൊരു പരാതിയില്ലെന്നും റിപ്പോർട്ട് സാക്ഷ്യപ്പെടുത്തുന്നു. എന്നാൽ ഈ റിപ്പോർട്ടിൽ സത്യസന്ധമായ ഒരു പരാമർശമുണ്ട്. ഇന്റർവ്യൂ നടക്കുന്ന സമയത്ത് കോഴയുമായി ബന്ധപ്പെട്ട് ലീഗ് നേതാവും തേഞ്ഞിപ്പലം പഞ്ചായത്ത് പ്രസിഡണ്ടുമായിരുന്ന ശ്രീ. കള്ളിയിൽ ഫിറോസ് ക്യാമറയിൽ കുടുങ്ങിയ പശ്ചാത്തലത്തിൽ ഈ വിഷയം വിജിലൻസ് അന്വേഷണത്തിന് വിടാൻ സിൻഡിക്കേറ്റ് തീരുമാനിച്ചു. ഇങ്ങനെ തീരുമാനിക്കാനുള്ള സാഹചര്യത്തെക്കുറിച്ച് ഉപസമിതി റിപ്പോർട്ട് പറയുന്നതിങ്ങനെ. This was done to ensure that the image of the university is not tarnished". വിജിലൻസ് അന്വേഷണം നടത്താതെ റാങ്ക്ലിസ്റ്റ് പ്രസിദ്ധീകരിച്ചപ്പോൾ സർവ്വകലാശാലയുടെ പ്രതിച്ഛായ വാണംപോലെ കുതിച്ചുയരുന്ന 'നയനാനന്ദകരമായ' കാഴ്ചയാണ് ഉപസമിതിയംഗങ്ങളുൾപ്പെടെ ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്.

റാങ്ക്ലിസ്റ്റ് പ്രസിദ്ധീകരിച്ചതുമായി ബന്ധപ്പെട്ട് അരങ്ങേറിയ അന്തർനാടകങ്ങൾ ആരേയും അത്ഭുതപ്പെടുത്തുന്ന തരത്തിലായിരുന്നു. ജനുവരി 30ന് 11 മണിയ്ക്ക് ശേഷമാണ് റാങ്ക്ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത്. സാധാരണ നിലയിൽ ഇതിൽ എന്തെങ്കിലും തെറ്റ്പറ്റിയിട്ടുണ്ടെങ്കിൽ അത് പരിശോധിക്കാനുള്ള സാവകാശം നൽകേണ്ടതുണ്ട്. റാങ്ക് ലിസ്റ്റിൽ റാങ്ക് വിവരമല്ലാതെ മറ്റൊന്നുമുണ്ടായിരുന്നില്ല. എഴുത്ത് പരീക്ഷയിലും ഇന്റർവ്യൂവിലും ഓരോ ഉദ്യോഗാർത്ഥിക്കും ലഭിച്ച മാർക്ക് വിവരം റാങ്ക്ലിസ്റ്റിനോടൊപ്പം പ്രസിദ്ധീകരിക്കേണ്ടതുണ്ട്. 8-11-2010ലെ 2010.738 തീരുമാനപ്രകാരം റാങ്ക് ലിസ്റ്റിനോടൊപ്പം എഴുത്ത് പരീക്ഷയുടേയും പ്രായോഗിക പരീക്ഷയുടേയും ഇന്റർവ്യൂവിന്റെയും മാർക്ക് പ്രസിദ്ധീകരിക്കണമെന്ന് അനുശാസിക്കുന്നുണ്ട്. നിലനിൽക്കുന്ന ഈ സിൻഡിക്കേറ്റ് തീരുമാനത്തെ മറികടക്കാൻ അധികാരികളെ പ്രേരിപ്പിച്ച വികാരമെന്തെന്ന് ഇപ്പോൾ എല്ലാവർക്കും ബോധ്യപ്പെട്ടിട്ടുണ്ടാകും.

റാങ്ക്ലിസ്റ്റ് പ്രസിദ്ധീകരിച്ചത് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ ആരും അറിയാതെയാണ്. ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാറും ജോയിന്റ് റജിസ്ട്രാറും ഈ വിവരം അറിയുന്നത് റാങ്ക്ലിസ്റ്റിന്റെ കോപ്പി കയ്യിൽകിട്ടുമ്പോൾ മാത്രമാണ്. ഉയർന്ന ഉദ്യോഗസ്ഥന്മാരെ ഇരുട്ടിൽനിർത്തിക്കൊണ്ട് റാങ്ക്ലിസ്റ്റ് വെളിച്ചംകണ്ടതിന്റെ ഗുട്ടൻസും ഇപ്പോഴാണ് മനസ്സിലാവുന്നത്. ജനുവരി 30ന് ഉച്ചയോടെ പ്രസിദ്ധീകരിച്ച ലിസ്റ്റിൽനിന്ന് 2 പേർ അന്ന്തന്നെ സർവ്വീസിൽ പ്രവേശിച്ചതായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. റാങ്ക്ലിസ്റ്റ് പ്രസിദ്ധീകരിച്ച് കഴിഞ്ഞാൽ സാധാരണനിലയിൽ നടക്കേണ്ട നടപടിക്രമങ്ങൾ ഇങ്ങനെയാണ്. റിക്രൂട്ട്മെന്റ് സെക്ഷനിൽ നിന്ന് റാങ്ക്ലിസ്റ്റിന്റെ ഒരു കോപ്പി ഏ.ഡി.ഏ. സെക്ഷനിൽ നൽകണം. പ്രസ്തുത സെക്ഷൻ നിലവിലുള്ള അസിസ്റ്റന്റുമാരുടെ വേക്കൻസികൾ രേഖകൾ പരിശോധിച്ച് നിജപ്പെടുത്തണം.

റാങ്ക്ലിസ്റ്റും കണക്കാക്കപ്പെട്ട ഒഴിവുകളുടെ എണ്ണവുമൊക്കെ പ്രതിപാദിക്കുന്ന ഒരു നോട്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് സമർപ്പിക്കണം. ഇതിന്റെയടിസ്ഥാനത്തിൽ എത്രപേർക്ക് നിയമനം നൽകണമെന്ന് ഉത്തരവ് ലഭിക്കണം. ഈ ഉത്തരവിന്റെയടിസ്ഥാനത്തിൽ തീരുമാനിക്കപ്പെട്ട ഒഴിവുകൾ നികത്താനാവശ്യമായ വിധത്തിൽ റാങ്ക്ലിസ്റ്റിൽപ്പെട്ട ഉദ്യോഗാർത്ഥികളെ സംവരണം പാലിച്ചുകൊണ്ട് rotate ചെയ്യണം. ഇങ്ങനെ ചെയ്യുമ്പോൾ സംവരണക്രാട്ടകളിൽ സീനിയോറിറ്റി ഉറപ്പുവരുത്താൻ re-rotation ഉം അനിവാര്യമായി വരും. ഈ ജോലികൾ ജാഗ്രതയോടെ പൂർത്തിയാക്കി rotation list അധികാരികളുടെ അംഗീകാരത്തിനായി സമർപ്പിക്കണം. അതിന് അംഗീകാരം ലഭിച്ചുകഴിഞ്ഞാൽ അതിന്റെയടിസ്ഥാനത്തിൽ ഓരോ ഉദ്യോഗാർത്ഥിയ്ക്കുമുള്ള നിയമനമെമ്മോ പ്രത്യേകമായി തയ്യാറാക്കി അതിനും അംഗീകാരം നേടണം. ഇങ്ങനെ അംഗീകരിക്കപ്പെട്ട നിയമനമെമ്മോ ബന്ധപ്പെട്ട ഡെസ്പാച്ച് സെക്ഷനിലേക്ക് കൈമാറണം. അവർ അത് റജിസ്ട്രേഡ് തപാലിൽ ഉദ്യോഗാർത്ഥികൾക്ക് അയച്ചുകൊടുക്കും. രണ്ടോ മൂന്നോ ദിവസങ്ങൾക്ക് ശേഷം മാത്രമേ ബന്ധപ്പെട്ട ഉദ്യോഗാർത്ഥിയ്ക്ക് ഇത് കൈപ്പറ്റുവാൻ കഴിയൂ. ഇതിന് ഏതാനും ദിവസത്തെ അശ്രാന്ത പരിശ്രമം അനിവാര്യമാണ്. വസ്തുത ഇതായിരിക്കെ എങ്ങനെയാണ് 2 പേർ റാങ്ക്ലിസ്റ്റ് പ്രസിദ്ധീകരിച്ച് നിമിഷങ്ങൾക്കുള്ളിൽ സർവ്വീസിൽ പ്രവേശിച്ചത്. ഇവരിൽ ഒരാൾ നെയ്യാറ്റിൻകര സ്വദേശിയും മറ്റൊരാൾ നാദാപുരം സ്വദേശിയുമാണ്. ഇരുവരും 30-ാം തീയ്യതി തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽനിന്നുമാണ് മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങിയിട്ടുള്ളത്. ഇത് ആൾമാറാട്ടമോ കൂട്ടിവിട്ട് കൂട്ടമാറലോ ഒന്നുമല്ല. നടന്ന കാര്യം മാത്രമാണ്. എങ്കിൽ അതിന്റെയർത്ഥം റാങ്ക്ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് മുൻപേ ഇവർക്ക് വിവരം കിട്ടിയിരിക്കണം. അതായത് റാങ്ക്ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് മുൻപ് അതിന്റെ വിവരങ്ങൾ ചോർന്നിരുന്നുവെന്ന് പച്ചമലയാളം.

ഈ രണ്ടുപേരിലൊരാൾ ഹാജരാക്കിയിട്ടുള്ളത് മനോൻമണിയം സുന്ദരനാർ സർവ്വകലാശാലയിൽ നിന്നുള്ള ബി.സി.എ. ഡിഗ്രിയുടെ സർട്ടിഫിക്കറ്റാണ്. ഇതോടൊപ്പം തുല്യതാ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ലെന്നാണ് മാധ്യമങ്ങളിൽ നിന്ന് മനസ്സിലാവുന്നത്. കേരളത്തിന് പുറത്തുള്ള സർവ്വകലാശാലയിൽനിന്ന് ഡിഗ്രി പാസ്സാകുന്ന ഉദ്യോഗാർത്ഥികൾ ഡിഗ്രിയോടൊപ്പം കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാല നൽകുന്ന തുല്യതാസർട്ടിഫിക്കറ്റും ഒപ്പം ഹാജരാക്കേണ്ടതാണ്. തുല്യതാ സർട്ടിഫിക്കറ്റില്ലാതെ എങ്ങനെയാണ് ഇയാളെ ഇന്റർവ്യൂവിന് പങ്കെടുപ്പിച്ചതെന്നും ചോദ്യമായി അവശേഷിക്കുന്നു.

സർവ്വകലാശാലയിൽ ഒട്ടനവധി റാങ്ക്ലിസ്റ്റുകൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. ഇത്രയ്ക്ക് ലക്ഷണമൊത്ത ഒരെണ്ണം ഇതാദ്യമാണ്. മുൻ വൈസ്ചാൻസലർ ഡോ: എം.അബ്ദുൾസലാം രേഖപ്പെടുത്തിയ വിയോജിപ്പ് വസ്തുനിഷ്ഠമായിരുന്നുവെന്ന് അടിവരയിടുന്നതാണ് റാങ്ക്ലിസ്റ്റ്. ഇതിലെ മറിമായങ്ങളും മായാജാലങ്ങളും മറ്റൊരു പ്രസ്താവനയിൽ ഉൾപ്പെടുത്താമെന്ന് കരുതുന്നു. രണ്ടുനാള്ദിനംകൊണ്ടൊരുത്തനെ തണ്ടിലേറ്റിയതും മാളികമുകളിലേറിയ മന്നന്റെ തോളിൽ മാറാപ്പ് കേറ്റിയതുമൊക്കെ കേട്ടാലറയ്ക്കുന്ന കഥകളാണ്. ഇവിടെ അതീവ ഗൗരവത്തോടെ കാണേണ്ടുന്ന ഒരു പ്രശ്നമുണ്ട്. ഉദ്യോഗം ലഭിച്ചവരുടെ ഭാവിയെത്തന്നെ പ്രതികൂലമായി ബാധിക്കുന്ന തരത്തിലുള്ള വിവാദങ്ങളാണ് ഇപ്പോൾ ഉയർന്നുവന്നിട്ടുള്ളത്. ഉദ്യോഗാർത്ഥികളിലാരെങ്കിലും എന്തെങ്കിലും കൃത്രിമം കാണിച്ചിട്ടുണ്ടെന്ന് ഞങ്ങൾ കരുതുന്നില്ല. ഇനിയാരെങ്കിലും അതിന് മുതിർന്നിട്ടുണ്ടെങ്കിൽ ഉപ്പുതിന്നവൻ വെള്ളം കുടിക്കേണ്ടത് തന്നെയാണ്. ഉദ്യോഗം ലഭിച്ച് ഇവിടെ എത്തിയവരാരും മോശക്കാരാണെന്ന് ഞങ്ങൾക്കഭിപ്രായമില്ല. പക്ഷെ അധികാരികളും അവരുടെ ഉപജാപകവൃന്ദവും ചേർന്ന് നടത്തിയ കൊള്ളയും കൊള്ളരുതായ്മയും പാവം ഉദ്യോഗാർത്ഥികളുടെ ഭാവിയെത്തന്നെ അനിശ്ചിതത്വത്തിലാക്കിയിരിക്കുന്നു. ഇതിനു മുൻപ് നടന്ന അസിസ്റ്റന്റ് നിയമനത്തെ തടസ്സപ്പെടുത്തുന്നതിനായി അന്നിവിടുത്തെ പ്രതിപക്ഷ സംഘടനകൾ ഉന്നയിച്ച വാദം 250 ലേറെ അസിസ്റ്റന്റുമാരെ നിയമിക്കുന്നത് ക്രമപ്രകാരമല്ലെന്നാണ്. ഇന്നവർ ഭരണപക്ഷത്തായപ്പോൾ ഒറ്റയടിയ്ക്ക് നിയമിച്ചത് 289 പേരെ. ഇത്തരം മുട്ടാപ്പോക്കും മുടന്തൻ ന്യായവുമൊന്നും ഞങ്ങൾ പറയുന്നില്ല. വിവിധ സംഘടനകളിൽ അണിചേർന്നിട്ടുള്ള ജീവനക്കാർ ഇവിടുത്തെ ജീവനക്കാരാണ്. അവരെ അടച്ചാക്ഷേപിക്കാൻ ഞങ്ങൾ തയ്യാറല്ല. പക്ഷേ അതിന്റെ പേരിൽ ഇവിടെ നടന്ന കൊള്ളയും കൊള്ളരുതായ്മയും ഞങ്ങൾക്ക് ന്യായീകരിക്കാനാവില്ല. ഈ സാഹചര്യത്തിൽ ഇത്സംബന്ധമായ മുഴുവൻ കാര്യങ്ങളെക്കുറിച്ചും സമഗ്രമായ അന്വേഷണം നടത്തി വസ്തുതകൾ പുറത്തുകൊണ്ടുവരണമെന്ന് യൂണിയൻ ആവശ്യപ്പെടുന്നു. നിലവിലുള്ള സിൻഡിക്കേറ്റ് തീരുമാനിച്ചിട്ടുള്ള വിജിലൻസ് അന്വേഷണം എത്രയുംവേഗം പൂർത്തിയാക്കണമെന്നാവശ്യപ്പെടുന്നു.

അഭിവാദനങ്ങളോടെ,

സി.യു. കാമ്പസ്,
12-02-2016.

**എസ്. സദാനന്ദൻ,**
ജനറൽ സെക്രട്ടറി,
കാലിക്കറ്റ് യൂണിവേഴ്സിറ്റി എംപ്ലോയീസ് യൂണിയൻ.